# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 79

28-05-2019-ലെ മറുപടിയ്ക്ക്

**പ്രളയാനന്തര പുനർനിർമ്മാണങ്ങൾക്കായുള്ള ദുരിതാശ്വാസനിധി**

| **ചോദ്യം**<br>**ശ്രീ.കെ.ജെ.മാക്സി** | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|
| എ) പ്രളയാനന്തര പുനർനിർമ്മാണങ്ങൾക്കായി സർക്കാർ രൂപീകരിച്ച പ്രളയദുരിതാശ്വാസനിധി മുഖേന നാളിതുവരെ എത്ര തുക സമാഹരിച്ചു; | പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 01.06.2019 വരെ 4132.38 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. |
| ബി) ആയതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; വിശദാംശം ലഭ്യമാക്കുമോ | 2018 ലെ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 1917.34 കോടി രൂപ ഇതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് നല്കിയിട്ടുണ്ട്. 1554.32 കോടി രൂപ ഇതുവരെ യായി ചെലവഴിച്ചിട്ടുണ്ട്. 6,25,911 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 5262 |
| കൊല്ലം | 9358 |
| പത്തനംതിട്ട | 69658 |
| ആലപ്പുഴ | 230100 |
| കോട്ടയം | 91083 |
| ഇടുക്കി | 7566 |
| എറണാകുളം | 85025 |
| തൃശ്ശൂർ | 22561 |
| പാലക്കാട് | 16882 |
| മലപ്പുറം | 46653 |
| കോഴിക്കോട് | 24662 |
| വയനാട് | 14979 |
| കണ്ണൂർ | 1651 |
| കാസർഗോഡ് | 471 |
| ആകെ | 6,25,911 |

| | |
|---|---|
| സി) പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി സർക്കാർ ലോകബാങ്കിൽ നിന്ന് എത്ര രൂപ വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നുവെന്നും പ്രസ്തുത വായ്പ എപ്പോൾ ലഭ്യമാകുമെന്നുമാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ; | കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോക ബാങ്കിൽ നിന്ന് 3596.20 കോടി രൂപയും സംസ്ഥാനവിഹിതമായ 1541.14 കോടി രൂപയും ഉൾപ്പെടെ ആകെ 5137.34 കോടി രൂപയുടെ വികസന നയ വായ്പ (DPL) സംബന്ധിച്ച ധാരണാപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വായ്പയുടെ ആദ്യഗഡു ലഭ്യമാക്കുന്നതു സംബന്ധിച്ച ചർച്ചകൾ നടത്തി വരുന്നു. |
| ഡി) നടപ്പുസാമ്പത്തികവർഷം പുനർനിർമ്മാണ പ്രവൃത്തികൾക്കായി എത്ര രൂപ വിനിയോഗിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ; | റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് ഏറ്റെടുക്കുന്ന പദ്ധതികളുടെ രൂപരേഖ അതതു വകുപ്പുകൾ തയാറാക്കിവരുകയാണ്. ഇവയ്ക്ക് അന്തിമരൂപം ആകുന്ന മുറയ്ക്ക് മാത്രമേ ഈ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പു സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ധനവിനിയോഗത്തെ സംബന്ധിച്ച കണക്കുകൾ ലഭ്യമാകുകയുള്ളൂ. |
| ഇ) പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം. അറ്റകുറ്റപ്പണി എന്നിവ സംബന്ധിച്ച് വിവിധ കളക്ടേറ്റുകളിൽ ലഭിച്ച അപ്പീലുകളുടെ എണ്ണം എത്ര; പ്രസ്തുത അപ്പീലുകളിന്മേൽ നാളിതുവരെ എത്രയെണ്ണം | പ്രളയവുമായി ബന്ധപ്പെട്ട് ഭാഗികമായി തകർന്ന വീടുകളെ സംബന്ധിച്ച് 60673 എണ്ണം അപ്പീലുകൾ ലഭിയ്ക്കുകയും അതിൽ 43507 എണ്ണം അപ്പീലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.<br>പൂർണ്ണമായി തകർന്ന വീടുകളെ സംബന്ധിച്ച് 14383 എണ്ണം അപ്പീലുകൾ ലഭിയ്ക്കുകയും അതിൽ 8052 എണ്ണം അപ്പീലുകൾ |

| | |
|---|---|
| തീർപ്പാക്കി. അവശേഷിക്കുന്നവ എത്ര ദിവസത്തിനകം തീർപ്പുകൽപ്പിക്കണമെന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. 31.05.2019 നകം അപ്പീലുകൾ തീർപ്പാക്കണമെന്ന നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നല്കിയിട്ടുണ്ട്. അപ്പീൽ സ്വീകരിക്കുന്നതിനുള്ള കാലാവധി 30.06.2019 വരെ നീട്ടിനൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**